(ബി) എല്ലാവരും പാടത്തേക്ക് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിയ തരിശ് നില കൃഷി പദ്ധതിയിൽ 2005-06 മുതൽ 2010-11 നാളിതുവരെ 43575 ഹെക്ടർ തരിശ് നിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന 2005-06 കാലയളവിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില കിന്റലിന് 570 രൂപയും 2010-11-ൽ കിന്റലിന് 1000 രൂപയുമാണ്.

തൃശ്ശൂർ ജില്ലയിലെ നെൽകൃഷി വികസനം

150(2403) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ തൃശ്ശൂർ ജില്ലയിലെ നെൽകൃഷി വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിലൂടെയുണ്ടായ ഉൽപ്പാദന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) പുതുതായി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പ്രധാനപ്പെട്ട നെല്ലുല്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ക്ഷേമസുരക്ഷാ പദ്ധതി

151(2404) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനപ്പെട്ട നെല്ലുല്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ക്ഷേമസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ നെല്ലുല്പാദനപ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly